ഉത്തരം

(എ) റവന്യൂ വകുപ്പിന് അപേക്ഷ ലഭിച്ചിട്ടുണ്ട് .

(ബി) കോഴിക്കോട് കോർപ്പറേഷനിൽ നിന്നും .

(സി) സർക്കാരിന്റെ പരിഗണനയിൽ ഇരിക്കുകയാണ് .

തൃശ്ശൂർ ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണം

1226. [1836] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ഗവൺമെന്റ് കോളേജ് കെട്ടിടത്തിന് എന്നാണ് കല്ലിട്ടത് ;

(ബി) ഈ കെട്ടിടം പണിയുടെ എസ്റ്റിമേറ്റ് തയ്യാറായോ ; എങ്കിൽ അതിന്റെ എസ്റ്റിമേറ്റ് സംഖ്യ എത്രയാണ് ;

(സി) എസ്റ്റിമേറ്റിനു് ഭരണവും സാങ്കേതികവുമായ അനുവാദങ്ങൾ നൽകിയോ ;

(ഡി) ഇല്ലെങ്കിൽ എന്നത്തേയ്ക്ക് നൽകാൻ കഴിയും ?

ഉത്തരം

(എ) 19-4-1985-ൽ ആണ് തൃശ്ശൂർ ഗവൺമെന്റ് കോളേജ് കെട്ടിടത്തിനുവേണ്ടി തറക്കല്ലിട്ടത് .

(ബി) എസ്റ്റിമേറ്റ് തയ്യാറായി ; എസ്റ്റിമേറ്റ് തുക 19.50 ലക്ഷം രൂപയാണ് .

(സിയും ഡിയും) നൽകിയിട്ടുണ്ട് . 27-5-1985-ലെ ഗവൺമെന്റ് ഉത്തരവ് (ആർ.ടി.) 1478/85 ഉ.വി. വകുപ്പു പ്രകാരം ഈ പണി കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് വിട്ടുകൊടുത്തിട്ടുണ്ട് ; പണി ആരംഭിക്കുന്നതിനാവശ്യമായ 4,29,430 രൂപ മൊബിലൈസേഷൻ അഡ്വാൻസ് ചീഫ് എൻജിനീയർ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകിയതായി ചീഫ് എൻജിനീയർ അറിയിച്ചിട്ടുണ്ട് .

പത്താം ക്ലാസ്സിലെ കുട്ടികൾക്ക് അർദ്ധവാർഷിക പരീക്ഷ

1327. [1338] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം ക്ലാസ്സിലെ കുട്ടികൾക്ക് ഇക്കൊല്ലത്തെ അർദ്ധ വാർഷിക പരീക്ഷ പുതിയ മാതൃകയിലാണോ നടത്താൻ ഉദ്ദേശിക്കുന്നത് ;

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അല്ല .

(ബി) പുതിയ മാതൃകയിലുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതാൻ പരിശീലനം നൽകുന്നതിന് കൂടുതൽ സമയം ആവശ്യമാണെന്നുള്ളതുകൊണ്ട് ഇക്കൊല്ലത്തെ പരീക്ഷ പുതിയ മാതൃകയിൽ നടത്തുന്നില്ല .

LIBRARY ARCHIVES Kerala Legislative Assembly